അപ്രത്യക്ഷമാകുന്ന സസ്യജാതികൾ

സസ്യജാതികൾ ഭൂതലത്തിൽ നിന്ന് അപ്രത്യക്ഷമാകാതെയിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് പ്രകൃതിപ്രേമമുള്ള വ്യക്തിയുടെ കടമയത്രെ.

ഭൂതലത്തിലെ ജന്തുക്കളിൽ ഏറ്റവും ബുദ്ധിമാനായ മനുഷ്യൻ തന്നെയാണ് പ്രകൃതിവിഭവങ്ങൾ ക്ഷയിക്കുന്നതിന് ഏറ്റവുമധികം ഉത്തരവാദിയാകുന്നതും. ഇവിടെ ഉണ്ടായിരുന്ന ലക്ഷോപലക്ഷം ജീവജാതികൾ പ്രകൃതിപ്രതിഭാസങ്ങൾക്ക് കീഴടങ്ങി, എന്നന്നേക്കുമായി അപ്രത്യക്ഷമായിട്ടുണ്ട്. എന്നാൽ പ്രകൃതിസംവിധാനത്തിൽ മനപ്പൂർവ്വം ഇടപെട്ട് വർഗ്ഗനാശം വരുത്തിയിട്ടുള്ളത് മനുഷ്യൻ മാത്രമാണ്. സ്വാർത്ഥതാല്പര്യത്തെ ലാക്കാക്കി, പ്രകൃതി ഒരക്ഷയപാത്രമാണെന്നു കരുതി നടത്തിയ, ബോധപൂർവ്വമുള്ള പ്രവർത്തനങ്ങളാലാണ് ഇതു സംഭവിച്ചത്. ഇതേ നയം ഇനിയും തുടരുന്നതായാൽ സ്വന്തം നിലനിൽപ്പുതന്നെ അപകടത്തിലായേക്കുമെന്ന മുന്നറിയിപ്പ് ആധുനികശാസ്ത്രം അവന് നൽകിക്കഴിഞ്ഞു. പരിതസ്ഥിതിവിജ്ഞാനീയ പഠനങ്ങൾ ആണ് അവന് ഈ പരമാർത്ഥം പറഞ്ഞുകൊടുക്കുന്നത്.

ഇന്ന് ഊഷരമേഖലകളായി പരിണമിച്ചിട്ടുള്ള വിശാലമായ ഭൂപ്രദേശങ്ങൾ പണ്ട് പച്ചപിടിച്ചുനിന്നിരുന്ന പ്രദേശങ്ങളായിരുന്നു. ഇന്നത്തെ സഹാറാമരുഭൂമിയുടെ പല ഭാഗങ്ങളും മുമ്പ് വൻകാടുകളായിരുന്നെന്നും ഫലജാതിവന്മരങ്ങൾ അവിടത്തെ ഫലഭൂയിഷ്ഠമായ മണ്ണിൽ വളർന്നു വിരാജിച്ചിരുന്നെന്നും നമുക്കറിയാം. മൊട്ടക്കുന്നുകളും പാറക്കൂട്ടങ്ങളും മാത്രമായിത്തീർന്നിട്ടുള്ള പാലസ്റ്റീൻ, പണ്ട് പ്രഖ്യാതിപെറ്റ സെസർ മരങ്ങളും മറ്റു തരുക്കളും തഴച്ചുനിന്നിരുന്ന വനങ്ങളായിരുന്നു. ഭാരതത്തിലും, അമേരിക്കയിലും, പശ്ചിമാഫ്രിക്കയിലും മറ്റും ഇത്തരം ചരിത്രസംഭവങ്ങളുടെ സാക്ഷികളായ പ്രദേശങ്ങൾ ധാരാളമുണ്ട്. ഇവിടങ്ങളിൽ നിന്ന് എന്നന്നേക്കുമായി അപ്രത്യക്ഷമായ സസ്യജാതികളുടെ എണ്ണം എത്രയെന്ന് തിട്ടപ്പെടുത്തുവാൻ എളുപ്പമായ ദീർഘമായ ഒരു പട്ടിക തയ്യാറാക്കുവാൻ തക്കവണ്ണം ഇതിന്റെ എണ്ണം വലുതായിരിക്കുമെന്നു പറയാനുള്ളു.

പ്രകൃതിസംരക്ഷണനടപടികളിലേക്ക് ബഹുജനങ്ങളുടെ അടിയന്തിരമായ ശ്രദ്ധ ക്ഷണിക്കുവാനും അത്തരം പരിപാടികളെ പ്രോത്സാഹിപ്പിക്കാനും ഒരു അഖിലലോകസംഘടന പ്രവർത്തിക്കുന്നുണ്ട്. വർഗ്ഗനാശമെന്നു പറയുമ്പോൾ സാധാരണമായി ആളുകൾ ധരിക്കുന്നത് ജന്തുക്കളെക്കുറിച്ചാണ്. സസ്യങ്ങൾക്ക് അങ്ങനെ ഒരു വിപത്തുണ്ടാകുന്നതായി ആരും ശങ്കിക്കാറില്ല. തങ്ങൾക്കു ചുറ്റും ഹരിതാഭമായി സ്ഥിതിചെയ്യുന്ന സസ്യജാലങ്ങളിൽ ഒന്നുരണ്ടെണ്ണം അപ്രത്യക്ഷമായാൽ ആര് അറിയാൻ?

അന്യം നിൽക്കുന്ന ചെടികൾ

പ്രത്യക്ഷമായോ പരോക്ഷമായോ ജീവികളെല്ലാം സസ്യങ്ങളോട് കടപ്പെ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

വളർച്ച പൂർത്തിയാക്കിയിരുന്നു. അലക്സാണ്ടർ ബി. സി. മുന്നൂററി ഇരുപത്തേഴിൽ ഇന്ത്യയിലേയ്ക്കു കടന്നുവരുമ്പോൾ ഈ മഹാവൃക്ഷം രണ്ടായിരത്തി മുന്നൂറു വർഷം പ്രായമെത്തിയ ഒരു യുവാവായിരുന്നു! എന്തിനു്! മാനവചരിത്രത്തിന്റെ മഹത്തായ കാലഘട്ടങ്ങൾ പലതും കടന്നുപോകുമ്പോൾ, ഈ മഹാവൃക്ഷം മൗനസാക്ഷിയായി ആ മാമലയിൽ മന്ദമാരുതനേററു് നിലകൊള്ളുകയായിരുന്നു....!

കേരളത്തിലെ വിലപിടിച്ച പച്ചമരുന്നുകൾ

ഇന്നു് വർഗ്ഗചരിത്രത്തിന്റെ സായംസന്ധ്യയിലെത്തിയിരിക്കുന്ന 20,000 സസ്യങ്ങളോളമുണ്ടെന്നു് ഓർമ്മിക്കുമ്പോൾ, നാശരഹിതമായി നിലനിൽപ്പിന്നു് ഇതിഹാസം എഴുതിച്ചേർക്കുന്ന പൈൻ മരത്തെക്കുറിച്ചു് ചിന്തിച്ചുപോയതു് ക്ഷമിക്കുക! മുകളിൽ സൂചിപ്പിച്ച 20,000ജാതികളിൽ ഏതെല്ലാമാണു് മനുഷ്യനു് ഒഴിച്ചുകൂടാനാവാത്തതെന്നു് തിട്ടപ്പെടുത്തുക വിഷമംതന്നെ ഇന്നലെ വരെ തീരെ അപ്രധാനങ്ങളെന്നു് പരിഗണിച്ചിരുന്ന ചില ചെടികൾ, ശാസ്ത്രജ്ഞൻ പുതിയ അറിവു സമ്പാദിക്കുമ്പോൾ, സർവ്വപ്രധാനങ്ങളായി തീരാറുണ്ടെന്നകാര്യം മറന്നുകൂടാ ഔഷധ നിർമ്മാണ വ്യവസായികൾ ആണ്ടുതോറും പുതിയ മരുന്നുകളുടെ സൃഷ്ടിക്കുവേണ്ടി എത്രയെത്ര സസ്യങ്ങളെയാണു് പരിശോധിക്കുകയും പഠിക്കുകയും ചെയ്തുവരുന്നതു്! ഇത്തരം പരിശ്രമങ്ങൾ പലപ്പോഴും വിജയത്തിലെത്താറുമുണ്ടു്. ഭാരതത്തിലെ മരുന്നുചെടികളെക്കുറിച്ചു് വിവരങ്ങൾ ശേഖരിക്കാനും സമ്പാദിക്കാനും വിദേശക്കമ്പനിക്കാർ എത്ര പണമാണു് ചിലവാക്കാറുള്ളതു്!

പാശ്ചാത്യ ചികിത്സാ സമ്പ്രദായത്തിന്റെ ജൈത്രയാത്രയുടെ ഫലമായി പ്രാദേശികങ്ങളായ എത്ര ചികിത്സാവിധികളാണു് ലോകത്തിന്റെ വിവധഭാഗങ്ങളിൽ നഷ്ടമായിക്കൊണ്ടിരിക്കുന്നതു്! ഈ നാടൻ ചികിത്സാവിധികളെല്ലാംതന്നെ അതതു പ്രദേശങ്ങളിൽ സുലഭങ്ങളായ സസ്യജാതികളെ ആസ്പദമാക്കിയുള്ളവയത്രെ ഈ ചികിത്സാവിധികൾ അസ്തമിക്കുന്നതുകൊണ്ടു് മരുന്നു ചെടികളെപ്പററിയുള്ള വിവരങ്ങളും നഷ്ടമാകും. പ്രാദേശിക സസ്യങ്ങളെക്കുറിച്ചു്, അനുഭവത്തിൽനിന്നു്, സമാഹരിക്കുവാൻ സാധിച്ച വിജ്ഞാനം നഷ്ടമാകുമ്പോൾ അന്നുവരെ വിലപ്പെട്ടതായി കരുതിവന്ന അത്തരം സസ്യങ്ങളെ ജനങ്ങൾ അവഗണിക്കാനും നിരാകരിക്കാനും തുടങ്ങുമെന്ന തീർച്ചതന്നെ!

രണ്ടുലക്ഷം കാട്ടുപൂക്കൾ

വിവിധ സസ്യങ്ങളിൽനിന്നു് ആയിരത്തോളം ക്ഷാരങ്ങൾ (alkaloids) വേർതിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ടെന്നാണു് 1952-ലെ സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നതു്. ഇവയ്ക്കൊക്കെ ഔഷധഗുണം കാണുമെന്നു് കരുതപ്പെടുന്നു. ആകെ അറിവിൽ വന്നിട്ടുള്ള 2,00,000 കാട്ടുപൂക്കളിൽ രണ്ടു ശതമാനംപോലും ഔഷധത്തിനുവേണ്ടി പഠിച്ചുകഴിഞ്ഞിട്ടില്ല ഈ പഠനങ്ങളും പരിശോധനയും അടിസ്ഥാനമാക്കി ഔഷധപ്രാധാന്യമുള്ള 50 000 രാസവസ്തുക്കൾ സസ്യങ്ങളിൽനിന്നു് സമ്പാദിക്കുന്നതിനു സാദ്ധ്യതയുണ്ടെന്നാണു് അനുമാനം.

പുതിയ സങ്കരസസ്യങ്ങൾ രൂപംകൊള്ളിക്കുന്നതിനു് കാട്ടുജാതികൾ വളരെ പ്രയോജനപ്പെടാറുണ്ടു്. കാട്ടിനങ്ങൾക്കു് സ്വതസിദ്ധമായുള്ള പ്രാതികൂല്യ പ്രതിരോധശേഷിയും അതുപോലെയുള്ള മററു് പ്രത്യേകശേഷികളും പുതിയ സങ്കരജാതികൾക്കു് വളരെ വേണ്ടിവരും. ഇക്കാര്യങ്ങൾക്കുവേണ്ടിയും സസ്യജാതികളുടെ സംരക്ഷണം ഒരു ആവശ്യമായിത്തീരുന്നു.

സസ്യജാതികൾ ഭൂതകാലത്തിൽനിന്നു് അപ്രത്യക്ഷമാകാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതു് പ്രകൃതിയോടു് പ്രേമമുള്ള ഓരോ വ്യക്തിയുടേയും കടമയാണു് ഭാവി തലമുറയോടുള്ള ഒരു ഭാരിച്ച ഉത്തരവാദിത്വം എന്ന നിലയിൽ നാം ഇതു് നിർവ്വഹിക്കേണ്ടിയിരിക്കുന്നു

—o—